DESPATCHED
On...15/06/2020

20/03/2020.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 898(7)/2014**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **5104**/എസ്.ഐ.സി-ജി 6/14)
സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.കെ.എം.ബാലൻ,
'പവിഴം', അടുത്തില പി.ഒ.,
പഴയങ്ങാടി, കണ്ണൂർ,
പിൻ – 670 303.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
   ജൂനിയർ സൂപ്രണ്ട്, (എൽ) സെക്ഷൻ,
   കളക്ടറേറ്റ്, കണ്ണൂർ.

2. അപ്പീൽ അധികാരി&
   ജില്ലാ കളക്ടറേറ്റ്,
   കണ്ണൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 10.01.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 18.01.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 15.02.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 27.03.2014 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 01.04.2014 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 21.01.2020 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കണ്ണൂർ |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീലധികാരി | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.കെ.എം.ബാലൻ,

27.03.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 01.04.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.898(7)/14/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് പൂർണ്ണമായ രേഖകൾ ലഭ്യമാക്കിയില്ലെന്നും ആയത് ലഭ്യമാക്കണമെന്നും വീഴ്ച വരുത്തിയ എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 10.01.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 18.01.2014ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 15.02.2014ന് ഒന്നാം അപ്പീൽ സമർപ്പിച്ചതായും കാണുന്നു.

4. 19.03.2019ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയിരുന്നുവെന്നും തുടർന്ന് ടിയാൻ അപ്പീൽ സമർപ്പിക്കുകയും ടിയാന് ലഭിച്ച മറുപടിയിൽ നോട്ട് ഫയലിന്റെ (കുറിപ്പു ഫയലിന്റെ) പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടില്ലെന്നാണ് ടിയാന്റെ അപ്പീലിലെ ആക്ഷേപമെന്നും ആയതു പ്രകാരം ടിയാന് നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കിക്കൊണ്ട് അപ്പീൽ തീർപ്പാക്കിയെന്നുമാണ്. തുടർന്ന് ടിയാൻ വീണ്ടും കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിക്കുകയും ടി ഓഫീസിൽ സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീലിനും സമയബന്ധിതമായി മറുപടി നൽകിയെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയ്ക്ക് നൽകിയ മറുപടിയിൽ കുറച്ചു ഭാഗം വിട്ടുപോയിരുന്നുവെന്നും അപ്പീലിന് മറുപടി നൽകിയപ്പോൾ പൂർണ്ണമായ മറുപടി നൽകിയിട്ടുണ്ടെന്നും ടി മറുപടി ലഭ്യമാക്കുന്നതിനു മുമ്പ് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ ഫയൽ ചെയ്തതെന്നും ഇപ്പോൾ എല്ലാ വിവരങ്ങളും നൽകിയിട്ടുണ്ടെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയും റിപ്പോർട്ടും അംഗീകരിച്ചുകൊണ്ട്

ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയുരുത്തി ഇന്നേദിവസം 2020 മാർച്ച് 20-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★